**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** **08-02-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിനിൽ നിന്നുള്ള തിരു കൊച്ചി ബസുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരു കൊച്ചി ബസുകളുടെ ആശയവും ആവിർഭാവവും വിശദീകരിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസുകളുടെ മാതൃകയിൽ, കൊച്ചി നഗരത്തിൽ, തിരു കൊച്ചി സർവ്വീസുകൾ എന്ന പേരിൽ 2010 ജൂലൈ 17 മുതലാണ് ആരംഭിച്ചത്. കൊച്ചി നഗരത്തിലെ വിവിധ പ്രദേശങ്ങളിലെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ ബസ്സുകളുടെ അനാരോഗ്യകരമായ പ്രവണതകൾ നിയന്ത്രിക്കുന്നതിനുമായാണ് പ്രസ്തുത സർവ്വീസുകൾ ആരംഭിച്ചത്. |
| (ബി) | എത്ര തിരു കൊച്ചി ബസുകൾ സർവീസ് നടത്തിയിരുന്നു; നിലവിൽ എത്ര ബസുകൾ സർവീസ് നടത്തുന്നുണ്ട്; | (ബി) | എറണാകുളം, നോർത്ത് പറവൂർ, ആലുവ യൂണിറ്റുകളിൽ നിന്നായി 50 തിരുകൊച്ചി സർവ്വീസുകൾ ആരംഭിക്കുകയും ഗോശ്രീ പാലം തുറന്നപ്പോൾ മേൽ പറഞ്ഞ 50 തിരുകൊച്ചി സർവ്വീസുകളിൽ എറണാകുളം, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ യൂണിറ്റുകളിൽ നിന്നായി ഗോശ്രീ പാലം വഴി സർവ്വീസ് നടത്തുകയും ചെയ്തിരുന്നു. നോർത്ത് പറവൂർ യൂണിറ്റിൽ നിന്ന് 4 ബസ്സുകളും കൊടുങ്ങല്ലൂർ യൂണിറ്റിൽ നിന്ന് 2 ബസ്സുകളും നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ വിവിധ സർവ്വീസുകളായി 36 ട്രിപ്പുകളും ദീർഘദൂര/ ഹ്രസ്വദൂര സർവ്വീസുകളും സ്വകാര്യ ഓർഡിനറി സർവ്വീസുകളും നടത്തി വരുന്നു. |
| (സി) | വൈപ്പിൻ കരയിൽ നിന്നും നഗരത്തിലേക്കുള്ള തിരു കൊച്ചി ബസ് സർവ്വീസുകൾ എന്നാണ് ആരംഭിച്ചത് എന്നത് വ്യക്തമാക്കുമോ; | (സി) | 2010 ജൂലൈ 17. |
| (ഡി) | വൈപ്പിൻ കരയിൽ നിന്നും നഗരത്തിലേക്കുള്ള തിരു കൊച്ചി ബസ് സർവ്വീസുകൾ നിർത്തലാക്കിയത് ഏതു സർക്കാരിന്റെ കാലഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) | വൈപ്പിൻ കരയിൽ നിന്നും നഗരത്തിലേക്കുള്ള തിരു കൊച്ചി ബസ് സർവ്വീസുകൾ പൂർണ്ണമായും നിർത്തലാക്കിയിരുന്നില്ല. |
| (ഇ) | വൈപ്പിൻ കരയിൽ നിന്നും നഗരത്തിലേക്കുള്ള കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ് | (ഇ) | വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽ നിന്നും |

| | | | |
|---|---|---|---|
| | സർവ്വീസുകളുടെ നഗരത്തിലേക്കുള്ള പ്രവേശനം സാധ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? | | എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് നിയന്ത്രണങ്ങൾ നിലവിലുണ്ട്. 14.07.2009-ലെ സ.ഉ.(അച്ചടി)നം.42/2009/Tran ദേശസാൽകൃത സ്കീം പ്രകാരം എറണാകുളം-കോട്ടയം, എറണാകുളം-തൃശ്ശൂർ, തിരുവനന്തപുരം-കണ്ണൂർ എന്നീ റൂട്ടുകളും 2017-ലെ എറണാകുളം-മൂവാറ്റുപുഴ ദേശസാൽകൃത സ്കീമും, 1965-ലെ എറണാകുളം-ചേർത്തല, എറണാകുളം-ആലപ്പുഴ തുടങ്ങിയ സ്കീമുകളും എറണാകുളം ടൗണിലൂടെ കടന്നുപോകുന്നുണ്ട്. ടി സ്കീമുകൾ പ്രകാരം പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് ദേശസാൽകൃത റൂട്ടുകളിലേയ്ക്ക് വേരിയേഷൻ നടത്തി നൽകുന്നതിനോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ സ്വകാര്യ ബസ്സുകൾക്ക് എറണാകുളം ടൗണിലേയ്ക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് റൂട്ട് വേരിയേഷൻ നൽകുന്നതിനോ നിയമപരമായി അനുവാദം നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.<br><br>യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആവശ്യാനുസരണം, കെ.എസ്.ആർ.ടി.സി, സർവ്വീസുകൾ ആരംഭിക്കുകയും കോവിഡ്-19 സാഹചര്യത്തിൽ ചില സർവ്വീസുകൾ നിർത്തലാക്കുകയും ചെയ്തിരുന്നു. എന്നാൽ കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ എന്നീ യൂണിറ്റുകളിൽ നിന്ന് 4 സർവ്വീസുകളിലായി 16 ട്രിപ്പുകൾ എറണാകുളം പട്ടണത്തെ ബന്ധിപ്പിച്ചുകൊണ്ട് ചോറ്റാനിക്കര, ഫോർട്ട് കൊച്ചി, കാക്കനാട്, ആലുവ എന്നിവിടങ്ങളിലേയ്ക്ക് 27.01.2023 മുതൽ വൈപ്പിൻ ദ്വീപിൽ നിന്നും പുതുതായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ യാത്രക്കാരുടെ ആവശ്യം പരിഗണിച്ചും കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം സംഭവിക്കാതെയും ആരംഭിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തു വരികയാണ്.<br><br>കൂടാതെ, പ്രസ്തുത വിഷയം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി ജനപ്രതിനിധികൾ, ബസ് ഉടമസ്ഥ സംഘടനകൾ ട്രാൻസ്പോർട്ട് അധികാരികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം, 31/01/2023-ന് ചേരുകയുണ്ടായി. യോഗ തീരുമാനങ്ങളുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ട് നിലവിൽ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ